ഡിയായും 15.000 രൂപ മരുന്ന് വ്യാപാരത്തിന് ഓഹരി മൂലധനമായും 15.000 രൂപ വായ്പയായും അനുവദിക്കുന്നുണ്ട്. ഇതിനുപുറമേ മാനേജീരിയൽ സബ്സിഡിയായും ഒന്നാം വർഷം, രണ്ടാം വർഷം, മൂന്നാം വർഷം യഥാക്രമം 30,000/- രൂപയും 20,000/- രൂപയും 10,000/- രൂപയും അനുവദിക്കുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്.

റിട്ടയർ ചെയ്തശേഷം സേവനമനുഷ്ഠിക്കുന്നവരെ പിരിച്ചുവിടാൻ നടപടി

123 (3524)ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ നിന്നും റിട്ടയർ ചെയ്തശേഷം പലരും എംപ്ലോയീസ് സഹകരണ സംഘങ്ങളിൽ സ്പെഷ്യൽ ഓഫീസറായി സേവനമനുഷ്ഠിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റീ എംപ്ലോയ്മെന്റിന് ഈ ഉദ്യോഗസ്ഥന്മാർക്ക് കെ.എസ്.ആർ. പ്രകാരം അനുവാദം വാങ്ങിയിട്ടുണ്ടോ;

(സി) സംഘം ഭരണസമിതിയുടെ പ്രസ്തുത നടപടി അംഗീകരിക്കാവുന്നതാണോ;

(ഡി) തൊഴിലില്ലാത്തവർ ഏറെയുള്ള സംസ്ഥാനത്ത് പുനർ നിയമനം നൽകിയ ഇവരെ പിരിച്ചുവിടാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) അംഗീകരിക്കാവുന്നതല്ല.

(ഡി) സഹകരണ രജിസ്ട്രാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങളിൽ അഴിമതി നടത്തിയ ഉദ്യോഗസ്ഥന്മാർക്കെതിരെ അന്വേഷണം

124 (3525)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ .

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ സഹകരണ സംഘങ്ങളിലെ ഭാരവാഹികൾക്കും ഉദ്യോഗസ്ഥന്മാർക്കുമെതിരെയാണ് നിലവിൽ അഴിമതി അന്വേഷണം നടക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്രപേർ സസ്പെൻഷനിലുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സഹകരണ സംഘങ്ങളിൽ അഴിമതി വഴി നഷ്ടം വരുത്തുന്നവരിൽ നിന്നും നഷ്ടം നികത്തുവാൻ നിലവിൽ സംവിധാനമുണ്ടോ; എങ്കിൽ അഞ്ചുകൊല്ലമായി എത്രപേരിൽ നിന്ന് തുക വസൂലാക്കിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly